"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - K- SMART – ലെ Professional Tax Module IKM തയ്യാറാക്കുന്നതു വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് KSIDC യുടെ K-SWIFT ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ വകുപ്പ് ( ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2016/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.09.2024 തീയതിയിലെ LSGD/PD/13707/2024- REV4 നമ്പർ കത്ത്.
2. 30.07.2024- ൽ 11.00 AM ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത SBRAP- 2024 നടപ്പാക്കുന്നത് സംബന്ധിച്ച യോഗ തീരുമാനം.
3. 05.09.2024- ൽ 4.00 PM ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത SBRAP- 2024 നടപ്പാക്കുന്നത് സംബന്ധിച്ച യോഗ തീരുമാനം.

**ഉത്തരവ്**

SBRAP-2024 (State Business Reforms Action Plan) നടപ്പിലാക്കുന്നതിന്റെ ഭാഗമായി Professional Tax ഓൺലൈൻ ആയി അടവാക്കുന്നതിനുള്ള മൊഡ്യൂൾ K-SMART ആപ്ലിക്കേഷനിൽ തയ്യാറാക്കുന്നതിന് IKM ന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നതായും, എന്നാൽ ടി മൊഡ്യൂൾ തയ്യാറാക്കുന്നതിന് കാലതാമസം ഉള്ളതായി IKM അറിയിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സൂചന ഒന്ന് പ്രകാരം അറിയിച്ചിട്ടുണ്ട്.

നിലവിൽ KSIDC യുടെ K-SWIFT പോർട്ടലിൽ ഓൺലൈൻ ആയി Professional Tax അടവാക്കുന്നതിനുള്ള ഒരു Module ഉള്ളതായും ആയതിൽ Professional Tax അടവാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ Bank Account Details പരിശോധിച്ച് കൃത്യത ഉറപ്പ വരുത്തി KSIDC/NIC ക്ക് നൽകിയിട്ടുണ്ടെന്നും ആയതിനാൽ K-SMART ലെ Professional Tax Module IKM തയ്യാറാക്കുന്നതു വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് KSIDC യുടെ K-SWIFT ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. K-SMART ലെ Professional Tax Module IKM തയ്യാറാക്കുന്നതു വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് KSIDC യുടെ K-SWIFT Portal ലെ Professional Tax Module ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം,
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, നാഷണൽ ഇൻഫോർമാറ്റിക് സെന്റർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ) പ്രസിദ്ധീകരണത്തിന്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 23-10-2024 11:57:42

സെക്ഷൻ ഓഫീസർ